# കുതിരയെ തിരിച്ചു കിട്ടാൻ..

■ ആൻറൺ ചെക്കോവ്
പുനരാഖ്യാനം: ഗിഫു മേലാറ്റൂർ

റഷ്യയിലെ ഒരു ഉൾനാട്ടിലെ പ്രഭുകുമാരന് സുന്ദരനായ ഒരു കുതിരയുണ്ടായിരുന്നു. അവന്റെ സർക്കീട്ടും വ്യാപാരവും വേട്ടയാടലുമെല്ലാം കുതിരപ്പുറത്ത് സഞ്ചരിച്ചുകൊണ്ടായിരുന്നു.

എന്നാൽ ഒരു ദിവസം ലായത്തിൽ ചെന്നു നോക്കിയ പ്രഭുകുമാരൻ ഞെട്ടിപ്പോയി.

കുതിരയെ കെട്ടിയ ഇടം ശൂന്യം..! കുതിര മോഷണം പോയിരിക്കുന്നു..!

കുതിരയുടെ ജീനി മാത്രമുണ്ട് ലായത്തിൽ തൂങ്ങിക്കിടക്കുന്നു..

ഇനി എന്തു ചെയ്യും..?

ഏതായാലും അറ്റകൈക്ക് അവൻ ഒരു വിളംബരം ചെയ്യാൻ തീരുമാനിച്ചു.

അങ്ങനെ അടുത്ത ദിവസം എല്ലാ ദിനപ്പത്രങ്ങളിലും ഒരു പരസ്യം പ്രത്യക്ഷപ്പെട്ടു:

“മോഷണം പോയ കുതിര എന്റെ ഉടമസ്ഥാവകാശത്തിൽ തിരികെ കിട്ടിയില്ലെങ്കിൽ, ഇതിനു മുമ്പ് ഇതുപോലൊരു സാഹചര്യത്തിൽ എന്റെ വന്ദ്യപിതാവ് സ്വീകരിച്ച ചില കടുത്ത നപടികൾ സ്വീകരിക്കുവാൻ ഞാൻ നിർബന്ധിതനാകുന്നതാണ്. അതിനുള്ള അവസരം സൃഷ്ടിക്കാതെ ദയവു ചെയ്ത് കുതിരയെ തിരികെ ഏൽപിക്കുക. കുതിരയെ കടത്തിക്കൊണ്ടുപോയത് ആരായാലും ഞാൻ ക്ഷമിക്കും, ആയത് രഹസ്യമായി വെക്കുകയും ചെയ്യുന്നതാണ്.”

ഇതായിരുന്നു പരസ്യം.

പരസ്യം ശരിക്കും അതിന്റെ ലക്ഷ്യത്തിലെത്തുക തന്നെ ചെയ്തു.

പത്രപ്പരസ്യം കുതിരയെ കടത്തിക്കൊണ്ടുപോയ കള്ളനും കണ്ടു.

അതു വായിച്ചു വിരണ്ടുപോയ കുതിരക്കള്ളൻ ആലോചനയിലായി.

കുതിര മോഷ്ടിച്ചയാൾക്കെതിരെ അയാളുടെ അച്ഛൻ മുമ്പ് ഏതോ ക്രൂരവും നിർദാക്ഷിണ്യവുമായ ശിക്ഷാ നടപടി കൈക്കൊണ്ടിരിക്കുമെന്നും അത്തരമൊരു ശിക്ഷക്കു താനും ഏതു വിധമെങ്കിലും വിധേയനായേക്കുമെന്നും തീർച്ചയാണ്.

അറിഞ്ഞിടത്തോളം കുതിരയുടെ ഉടമസ്ഥൻ ചില്ലറക്കാരനല്ല. കുതിരയെ തിരിച്ചേൽപിക്കുന്നതാണ് ഉചിതം. അല്ലെങ്കിൽ പല പ്രത്യാഘാതങ്ങളും താൻ നേരിടേണ്ടി വരും.

വിരണ്ടുപോയ മോഷ്ടാവ് രഹസ്യമായി കുതിരയെ തിരിച്ചു കൊണ്ടുവന്നു. എന്നിട്ട് പ്രഭുകുമാരന്റെ മുന്നിൽ തൊഴുതുകൊണ്ടു പറഞ്ഞു:

മലർവാടി
Silver Hills,Kozhikode
Pin: 673012, Ph: 0495 2732 555
Email: malarvadicrc@gmail.com

വരിസംഖ്യ

| | |
|---|---|
| 1 വർഷം | 350 |
| 2 വർഷം | 700 |

Federal Bank
Nadakavu Branch
Current A/C No. 13000200015001
IFSC Code: FDRL0001300

ബാങ്കിൽ പണമടക്കുന്നവർ ഏജൻസി നമ്പറും പേരും, ഹൽഖയാണെങ്കിൽ ഹൽഖയുടെ കോഡും പേരും, തപാൽ വരിക്കാരനാണെങ്കിൽ വരിനമ്പറും പേരും എഴുതേണ്ടതാണ്.

പൂർണമായും ഇന്ത്യയിൽ നിർമിച്ച ആദ്യത്തെ കപ്പൽ– ജുൽഉഷ(1948)



"അടിയനോട് പൊറുക്കണേ. ഒരു ബുദ്ധിമോശം കാണിച്ചതാണ്. തുടർ നടപടികളൊന്നും അരുതേ...!"

"ശരി, ഇത്രയും പറഞ്ഞ സ്ഥിതിക്ക് ഇനി ഞാൻ ഒന്നും ചെയ്യുന്നില്ല. പൊയ്ക്കോളൂ.!" ഉള്ളാലെ ഊറിച്ചിരിച്ചുകൊണ്ട് പ്രഭുകുമാരൻ പറഞ്ഞു.

ഒരു ഊരാക്കുടുക്കിൽ നിന്നു രക്ഷപ്പെട്ട ആശ്വാസത്തിൽ കുതിരക്കള്ളൻ സ്ഥലംവിട്ടു.

പ്രഭുകുമാരനും സന്തോഷമായി.

കുതിരയെ തിരികെ കിട്ടിയ നിമിഷം മുതൽ സന്തുഷ്ടനായ അവൻ സുഹൃത്തുക്കളോടും പരിചയക്കാരോടും പരിഹാസരസത്തിൽ സംസാരിക്കുവാനും പെരുമാറാനും തുടങ്ങി.

എല്ലാം നിസ്സാരമാണ് എന്ന ഭാവമാണ് മുഖത്ത്. എല്ലാം നേടിയേടുത്ത ഒരു വിജയഭാവം!

ഇതു മനസ്സിലാക്കിയ ഒരു സുഹൃത്ത് അതിനുള്ള കാരണമെന്താണെന്ന് അന്വേഷിച്ചു.

അവൻ പറഞ്ഞു:

"അച്ഛനുണ്ടായ അനുഭവം എന്തായാലും എനിക്ക് ദൈവം സഹായിച്ച് ഉണ്ടായില്ല!"

"എന്താണാ അനുഭവം എന്നു പറയൂ.. നിന്റെ അച്ഛനുണ്ടായ അനുഭവം..?"

കൂട്ടുകാർക്ക് ഇരിക്കപ്പൊറുതിയില്ല.

"ഹ.. ഹ.. ഹ.. അതാണോ..? കൊള്ളാം!"

അവൻ പൊട്ടിച്ചിരിച്ചുകൊണ്ടു തുടർന്നു:

"പറയാം, അച്ഛൻ കുതിര മോഷ്ടിക്കപ്പെട്ട ദിവസം ഒരു ലോഡ്ജിൽ താമസിക്കുകയായിരുന്നു. അവിടെ നിന്നും ഗത്യന്തരമില്ലാതെ കുതിരയുടെ ജീനിയുമെടുത്ത് ചുമലിലിട്ട് മൈലുകളോളം നടന്നാണ് വീട്ടിലെത്തിയത്. എന്റെ കുതിരയെ മോഷ്ടിച്ചയാൾ അൽപം അന്തസ്സ് കാണിച്ചില്ലായിരുന്നെങ്കിൽ ഞാനും എന്റെ അച്ഛനെപ്പോലെ കതിരയുടെ ജിനീ ചുമന്ന് പോകേണ്ടിവരുമായിരുന്നില്ലേ..!"

ചങ്ങാതിയുടെ വർത്തമാനം കേട്ട് കൂട്ടുകാർ അന്തം വിട്ട് ഇരുന്നുപോയി.

കൊച്ചി കപ്പൽനിർമാണ ശാലയിൽ നിർമിച്ച ആദ്യത്തെ കപ്പൽ– റാണി പത്മിനി